## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

14.03.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3276

## കരട് ആരോഗ്യ നയം

| ചോദ്യം<br><br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ പ്രഖ്യാപിച്ച പുതിയ കരട് ആരോഗ്യ നയത്തിൽ സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിരക്ഷയോ സൗകര്യങ്ങളോ ഉറപ്പുവരുത്തിയിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ശിശുമരണനിരക്ക് 2020 ൽ എട്ടിലേക്ക് താഴ്ത്തിക്കൊണ്ടു വരികയെന്നതാണ് സുസ്ഥിര വികസന ലക്ഷ്യം നിറവേറ്റുന്നതിനായി ത്രിതല ആരോഗ്യ സംവിധാനങ്ങളിൽ മാതൃശിശു സംരക്ഷണ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ആയതിനായി മെഡിക്കൽ കോളേജുകളിലേയും ജില്ല ആശുപത്രികളിലേയും നവജാത ശിശുപരിചരണ യൂണിറ്റുകളെ കൂടുതൽ സൗകര്യങ്ങളും സ്റ്റാഫും നൽകി ശക്തിപ്പെടുത്തുന്നതും പ്രസവ സൗകര്യമുള്ള എല്ലാ സ്ഥാപനങ്ങളിലും ഘട്ടം ഘട്ടമായി വെന്റിലേറ്റർ സൗകര്യം ഏർപ്പെടുത്തുന്നതിനും നവജാത ശിശുക്കൾക്ക് ആറ് മാസത്തേയ്ക്ക് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഡിഫ്തീരിയ, ടെറ്റനസ്, തുടങ്ങിയ രോഗങ്ങൾ ചില സ്ഥലങ്ങളിൽ വീണ്ടും പ്രത്യക്ഷപ്പെട്ട സ്ഥിതിക്ക് പതിവ് കുത്തിവെയ്പ്പ് യജ്ഞത്തെ തൃപ്തികരമായ തലത്തിൽ വ്യാപിപ്പിക്കുന്നതിനും ഓരോ കുട്ടിയും ജനിക്കുമ്പോൾ തന്നെ നിർബന്ധവും ഐച്ഛികവുമായ പ്രതിരോധ കുത്തിവയ്പ്പുകളെ സംബന്ധിച്ച സമയക്രമം വ്യക്തമാക്കുന്ന കാർഡും നൽകുകയും സ്കൂളിൽ ചേർക്കുമ്പോൾ കുത്തിവയ്പ്പുകളുടെ സാക്ഷ്യം രേഖപ്പെടുത്തിയ കാർഡ് ഹാജരാക്കാൻ നിയമം കൊണ്ടുവരുന്നതിനും ശാസ്ത്രീയമായി കുട്ടികൾക്ക് ആരോഗ്യ വിദ്യാഭ്യാസം പകർന്ന് നൽകാൻ തെരെഞ്ഞെടുത്ത് അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശങ്ങളുണ്ട്.<br><br>2014 ലെ നാഷണൽ സാമ്പിൾ സർവ്വേ പ്രകാരം കേരളത്തിൽ രോഗാതുരമായ അവസ്ഥയിൽ കൂടുതൽ വർഷം കഴിയേണ്ടി വരുന്നത് സ്ത്രീകളായതിനാൽ സ്ത്രീകൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക പരിപാടികൾ പ്രായമായവർക്ക് വേണ്ടിയുള്ള പൊതുപരിപാടികൾക്കുള്ളിൽ നടപ്പാക്കുകയും മാതൃമരണ കാരണം കണ്ടെത്തുന്നതിന് Mortality Review നടത്തി ഉചിതമായ തിരുത്തൽ നടപടികൾ |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശങ്ങളുണ്ട്.<br><br>സംസ്ഥാനത്ത് പ്രസവം എടുക്കാൻ സൗകര്യമുള്ള എല്ലാ കേന്ദ്രങ്ങൾക്കും സർക്കാർ, സ്വാകാര്യ-ലൈസൻസ് നിർബന്ധമാക്കുന്നതിനും ഈ കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനും പ്രസവസേവനത്തിനും നവജാത ശിശുവിനെ കൊണ്ടുപോകുന്നതിനും ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിനും വെന്റിലേറ്റർ ഇല്ലാത്ത സ്വകാര്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാതിരിക്കുന്നതിനും നിർദ്ദേശമുണ്ട്. അംഗപരിമിതർക്ക് തടയാനും നേരത്തെ കണ്ടെത്താനും ചികിത്സിക്കാനും പുനരധിവാസം ഏർപ്പെടുത്താനും നിർദ്ദേശമുണ്ട്. |
| (സി) | കരട് ആരോഗ്യ നയം തയ്യാറാക്കിയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | 22.08.2016 ലെ സ.ഉ(സാധാ) 2323/2016/ആ.കു.വ. പ്രകാരം സംസ്ഥാനത്ത് പുതിയ ആരോഗ്യ നകയം രൂപീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഡോ.ബി.ഇക്ബാൽ ചെയർമാനും ഡോ.കെ.പി.അരവിന്ദൻ കൺവീനറുമായി 17-അംഗ വിദഗ്ദ സമിതിയെ നിയമിച്ചിരുന്നു. വിവിധ സംഘടനകളുമായും വ്യക്തികളുമായും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് സമിതി കരട് ആരോഗ്യ നയം തയ്യാറാക്കിയത്. |

സെക്ഷൻ ഓഫീസർ